"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - അഗ്രോ സർവ്വീസ് സെന്റേഴ്സ് ആന്റ് സർവീസ് ഡെലിവറി പദ്ധതി - ഡ്രൈവർ-കം-ഓഫീസ് അറ്റന്റർമാരുടെ കരാർ നിയമനത്തിന് സാധൂകരണം നൽകി ഉത്തരവു പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

---

**കൃഷി(ഫാംസ്) വകുപ്പ്**

സ.ഉ.(സാധാ) നം.656/2023/AGRI തീയതി,തിരുവനന്തപുരം, 05-07-2023

---

പരാമർശം:-

1. സ.ഉ(സാധാ)നം.1123/2022/കൃഷി തീയതി 19.12.2022
2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 01.03.2023 - ലെ ADFW/3973/2022-TG1 നമ്പർ കത്ത്
3. എഎഫ്3/319/2021/കൃഷി-പാർട്ട്-1 നമ്പർ കത്ത്
4. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 17.04.2023 - ലെ ADFW/3973/2022-TG1(1) നമ്പർ കത്ത്

**ഉത്തരവ്**

അഗ്രോ സർവ്വീസ് സെന്റേഴ്സ് ആന്റ് സർവീസ് ഡെലിവറി പദ്ധതിയുടെ കീഴിൽ കരാർ അടിസ്ഥാനത്തിൽ ഡ്രൈവർ-കം-ഓഫീസ് അറ്റന്റർമാരായി സേവനം അനുഷ്ഠിച്ചുവരുന്ന ഡ്രൈവർമാരുടെ സേവനകാലാവധി 31.03.2023 വരെ തുടരുന്നതിനും തുടർന്നും പദ്ധതി നിർവഹണത്തിന് ഡ്രൈവർ-കം-ഓഫീസ് അറ്റന്റർമാരെ ആവശ്യമുള്ള പക്ഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ സുതാര്യമായ നടപടിക്രമങ്ങളിലൂടെയോ, അത്യാവശ്യം വേണ്ടുന്ന ജീവനക്കാരെ മാത്രം ഫണ്ട് ലഭ്യതയ്ക്ക വിധേയമായി പുതുതായി നിയമിക്കുവാൻ പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം പ്രസ്തുത ഡ്രൈവർ-കം-ഓഫീസ് അറ്റന്റർമാർക്ക് വിടുതൽ നോട്ടീസ് നൽകുകയും, പരാമർശം (3)-ലെ സർക്കാർ കത്ത് പ്രകാരം പ്രസ്തുത പദ്ധതിയിൻ കീഴിൽ സേവനം അനുഷ്ഠിക്കുന്ന ആറ് ഡ്രൈവർ-കം-ഓഫീസ് അറ്റന്റർമാരെ വിടുതൽ ചെയ്യുന്നത് സംബന്ധിച്ചുള്ള നിർദ്ദേശം നടപ്പിലാക്കുന്നത് നീട്ടി വയ്ക്കുവാനും ഡ്രൈവർമാരുടെ സേവനം വകുപ്പിന് ആവശ്യമാണെങ്കിൽ തുടർ അനുമതിയ്ക്കായി പ്രൊപ്പോസൽ സമർപ്പിക്കുവാനും നിർദ്ദേശിച്ചിരുന്നു. അതനുസരിച്ച് പരാമർശം (4) പ്രകാരം കൃഷി ഡയറക്ടറേറ്റിൽ, പ്രസ്തുത പദ്ധതി പ്രകാരം ചുവടെ ചേർക്കുന്ന 6 ഡ്രൈവർ കം ഓഫീസ് അറ്റന്റർമാർ കരാർ അടിസ്ഥാനത്തിൽ സേവനം അനുഷ്ഠിച്ചുവരുന്നുവെന്നും ഇവരുടെ 11 മാസത്തെ കരാർ നിയമന കാലാവധി താഴെ കാണുന്ന പ്രകാരം അവസാനിക്കുമെന്നും കൃഷി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

| ക്രമ നമ്പർ | പേരും മേൽ വിലാസവും | കരാർ സേവനം ആരംഭിച്ച തീയതി | കരാർ സേവനം അവസാനിക്കുന്ന തീയതി |
|---|---|---|---|
| 1 | ശ്രീ.പ്രദീപ്.എസ്, പ്രിജി ഭവൻ, നെല്ലനാട്.പി.ഒ, വെഞ്ഞാറമൂട്, തിരുവനന്തപുരം. | **14.11.2022** | **13.10.2023** |
| 2 | ശ്രീ.ബിനു.ടി. ഭാർഗ്ഗവീ മന്ദിരം, കൊക്കോട്ടേല. പി.ഒ, ആര്യനാട്, തിരുവനന്തപുരം | **14.11.2022** | **13.10.2023** |

| | | | |
|---|---|---|---|
| 3 | ശ്രീ.റ്റി.സതീഷ്, വാറുവിള, മേലേത്തട്ട്, പുത്തൻ വീട്, കാഞ്ഞാൻപഴിഞ്ഞി, തിരുവനന്തപുരം | **14.11.2022** | **13.10.2023** |
| 4 | ശ്രീ.അസിമുദീൻ, ഹസീന മൻസിൽ, മലയാകോട്, ആലമുക്ക്, പൂവച്ചൽ, തിരുവനന്തപുരം | **14.11.2022** | **13.10.2023** |
| 5 | ശ്രീ.വള്ളിനായകം പിള്ളൈ, ആർദ്ര നിവാസ്, വിളവൂർക്കൽ, മലയിൻകീഴ്.പി.ഒ | **16.11.2022** | **15.10.2023** |
| 6 | ശ്രീ.സുരേഷ് കുമാർ.എസ്, നന്ദരുവിളാകത്ത് വീട്, ടി.സി 22/535, കൊഞ്ചിറവിള, മണക്കാട്.പി.ഒ, തിരുവനന്തപുരം. | **30.07.2022** | **29.06.2023** |

2. അതോടൊപ്പം പ്രസ്തുത ആറ് ഡ്രൈവർ കം ഓഫീസ് അറ്റന്റന്റുമാരുടെ സേവനം 2023-2024 സാമ്പത്തിക വർഷവും വകുപ്പിന് ആവശ്യമാണെന്നും വേതനം നൽകുന്നതിന് ആവശ്യമായ തുക 2023-2024 വാർഷിക പദ്ധതി പ്രകാരം "ഫാം യന്ത്രവൽക്കരണത്തിനുള്ള സഹായം" എന്ന പദ്ധതിയുടെ "അഗ്രോ സർവ്വീസ് സെന്ററുകളിലെ മൊബൈൽ ക്ലിനിക്കുകളിലേക്കുള്ള വേതനം ഉൾപ്പെടെയുള്ള പ്രവർത്തന ചിലവുകൾ" എന്ന ഘടകത്തിൽ വകയിരുത്തിയിട്ടുണ്ടെന്നും ടി ആറ് ഡ്രൈവർ കം ഓഫീസ് അറ്റന്റന്റുമാരുടെ സേവനം തുടർന്നും കൃഷി ഡയറക്ടറേറ്റിൽ ആവശ്യമുള്ളതിനാൽ നിലവിലെ കരാർ നിബന്ധന പ്രകാരമുള്ള പതിനൊന്നു മാസത്തെ കരാർ കാലാവധി തീരുന്ന മുറയ്ക്ക്, കരാർ നിയമനത്തിൽ ഒരു ദിവസത്തെ ഇടവേള നൽകിക്കൊണ്ട് 2024 മാർച്ച് മാസം 31 തീയതിവരെ കരാർ നിയമനം തുടരുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്നും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ അപേക്ഷിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അഗ്രോ സർവ്വീസ് സെന്റേഴ്സ് ആൻഡ് സർവ്വീസ് ഡെലിവറി പദ്ധതിയിൽ കീഴിൽ കരാർ അടിസ്ഥാനത്തിൽ സേവനം അനുഷ്ഠിച്ചുവരുന്ന ശ്രീ.പ്രദീപ്.എസ്, ശ്രീ.ബിനു.ടി., ശ്രീ.റ്റി.സതീഷ്, ശ്രീ.അസിമുദീൻ, ശ്രീ.വള്ളിനായകം പിള്ളൈ, ശ്രീ.സുരേഷ് കുമാർ.എസ് എന്നീ ആറ് ഡ്രൈവർ കം ഓഫീസ് അറ്റന്റന്റുമാരുടെ സേവന കാലാവധി 01.04.2023 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി നീട്ടി നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുകുമാർ ബി റ്റി
ഡെപ്യൂട്ടിസെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(കൃഷി-എ2/100/2023/ധന തീയതി 23.06.2023)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സ.ഉ.(സാധാ) നം.656/2023/AGRI

സെക്ഷൻ ഓഫീസർ